പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3406

11.05.2017 ൽ മറുപടിക്ക്

## ശബരിമല സന്നിധാനത്തേയ്ക്കുള്ള ചരക്കുനീക്കം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) ശബരിമല സന്നിധാനത്തേയ്ക്ക് സാധനങ്ങളും മറ്റും പമ്പയിൽ നിന്ന് എത്തിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ; | (എ) തലച്ചുമടായും, ട്രാക്ടറിലുമാണ് ശബരിമല സന്നിധാനത്തേയ്ക്ക് സാധനങ്ങളും മറ്റും പമ്പയിൽ നിന്ന് എത്തിക്കുന്നത്. |
| (ബി) ശബരിമല സീസണിൽ സന്നിധാനത്തേയ്ക്കുള്ള റോഡിലൂടെ ലക്ഷക്കണക്കിന് അയ്യപ്പ ഭക്തർക്കിടയിലൂടെ സാധനങ്ങൾ കയറ്റിയ വാഹനങ്ങൾ കൊണ്ടു പോകുന്നത് അപകടകരവും ഭക്തർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതുമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ച് ചരക്കുനീക്കം സാധ്യമാണോ ; വ്യക്തമാക്കാമോ;<br>(ഡി) ഇതിനായി എന്തെങ്കിലും പഠനം സർക്കാരോ ദേവസ്വം ബോർഡോ മുൻകൈ എടുത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) & (ഡി)<br>മെറ്റീരിയൽ റോപ്പ് വേ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്. ഇതിനാവശ്യമായ സർവ്വേ നടത്തുന്നതിന് വനം വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ